Web site

വിശാല കൊച്ചി വികസന അതോറിറ്റി
പി.ബി. നമ്പർ 2012 ഫോൺ 2204261, 2203378 കൊച്ചി – 682 020
Website:- www.gcda.kerala.gov.in. E-mail id:- gcdaonline@gmail.com

No. E1/6092/2022/GCDA തിയതി:12/10/2026

## GCDA ഇ-ടെൻഡർ/റീടെൻഡർ നോട്ടീസ്

ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയിലെ (**GCDA**) ചുവടെ ചേർക്കുന്ന മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സാധുവായ സിവിൽ/ഇലക്ട്രിക്കൽ ലൈസൻസുള്ളതും **GST** രജിസ്ട്രേഷൻ ഉള്ളതുമായ കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ഇ-ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു ഐറ്റം നമ്പർ 7-ന് സമാന സ്വഭാവമുള്ള പ്രവർത്തികൾ ചെയ്തിട്ടുള്ളതിന്റെ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യേണ്ടതാണ്. ടെൻഡർ സംബന്ധിച്ച വിവരങ്ങളും ഇ-ടെൻഡർ ഷെഡ്യൂളുകളും www.gcda.kerala.gov.in, **http//etenders.kerala.gov.in** എന്ന സൈറ്റുകളിൽ ലഭ്യമാണ്.

ടെൻഡറുകൾ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആവുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ടെൻഡറുകൾ തുറക്കുന്നതാണ്.

| ക്രമനമ്പർ | പ്രവർത്തിയുടെ പേര് | PAC | പ്രവർത്തി പൂർത്തീകരണ കാലാവധി | കരാറുകാരന്റെ ക്ലാസ് | ദർഘാസ് ഫോറം വില | നിരതദ്രവ്യം (EMD) | ദർഘാസ് ഡൌൺലോഡ് ചെയ്യാവുന്ന തിയതിയും സമയവും | ദർഘാസ് തുറക്കുന്ന തിയതിയും സമയവും |
|---|---|---|---|---|---|---|---|---|
| 1 | Clearing sludge from sewage collection well of STP infront of holiday bay castle cmds | 421370/- | 1 Month | Civil –D class | 930+ Gst | 10534/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |
| 2 | Providing Name Board at Ambedkar stadium | 11370/- | 1 Month | Civil –D class | 335+ Gst | 284/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |
| 3 | Clearing and desilting the drain | 412080/- | 2 Months | Civil –D class | 910+ Gst | 10302/- | 14.10.2026, 6:00 pm to | 23.10.2026, 12:00 pm |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | and rain water pipes at cmds | | | | | | 21.10.2026, 6:00 pm | |
| 4 | Cleaning and petty repair works cmds complex shop no.S15,S40 | 71315/- | 1 Month | Civil –D class | 555+ Gst | 1783/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |
| 5 | Cutting branches of trees and cleaning of premises at rajendramaidan | 66625/- | 1 Month | Civil –D class | 555+ Gst | 1666/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |
| 6 | Repair work in Room no. OS 47,OS42,OS43,OS32 at cmds complex marine drive | 303773/- | 3 Months | Civil –D class | 670+ Gst | 7594/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |
| 7 | AMC of Lift at Eastern Entry | 170991/- | 1 Year | Electrical –C class | 555+ Gst | 4275/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |
| 8 | F sector common toilet Maintenance at JNIS kaloor | 42247/- | 6 Months | Civil –D class | 335+ Gst | 1056/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |
| 9 | Strengthening work of Existing Entrance gate JNIS | 50061/- | 1 Month | Civil –D class | 555+ Gst | 1252/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |
| 10 | Supply,Fabrication and fixing of Name Board at Shopping complex near GCDA office | 355503/- | 1 Month | Electrical –C class | 785+ Gst | 8888/- | 14.10.2026, 6:00 pm to 21.10.2026, 6:00 pm | 23.10.2026, 12:00 pm |

നിബന്ധനകൾ:

1. ദർഘാസുകൾ സൈറ്റിൽ ലഭിക്കുന്ന തീയതി: **14.10.2026**

2. ദർഘാസ് പ്രമാണങ്ങൾ ഇ-ടെൻഡർ വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

3. ദർഘാസിനൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ഫോറം വിലയും നെറ്റ് ബാങ്കിംഗ് മുഖേന ഓൺലൈനായി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്.

4. ദർഘാസുകൾ ഓൺലൈൻ ആയി മാത്രമാണ് സമർപ്പിക്കേണ്ടത്. നെറ്റ്‌വർക്ക് തകരാറുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ടെൻഡർ സ്വീകരിക്കുന്നയാൾ ഉത്തരവാദി ആയിരിക്കുന്നതല്ല.

5. ദർഘാസ് ഫോമുകളും അനുബന്ധ രേഖകളും ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതി വരെ ഇ-ടെൻഡർ വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

6. ദർഘാസ് ഫോം, ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യാത്ത ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7. നിർദിഷ്ട രീതിയിൽ തയ്യാറാക്കിയ ദർഘാസുകൾ നിശ്ചിത സമയത്തിന് മുൻപായി ഇ-ടെൻഡർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിരിക്കേണ്ടതാണ്.

8. നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ള എല്ലാ ദർഘാസുകളും നിശ്ചിത സമയത്ത് തദവസരത്തിൽ സന്നിഹിതരായ കരാറുകാരുടെ സാന്നിധ്യത്തിൽ ഓൺലൈനായി തുറക്കുന്നതാണ്.

9. കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ ദർഘാസുകൾ അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതും, ഏതെങ്കിലും ദർഘാസോ എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അവകാശം **GCDA**-ൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

10. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10 ശതമാനത്തിലധികം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന ഇനങ്ങൾക്ക്, അധികമുള്ള കുറഞ്ഞ നിരക്കിന് ആനുപാതികമായി കരാർ വെയ്ക്കുന്ന സമയത്ത് അഡിഷണൽ പെർഫോമൻസ് ഗ്യാരന്റി വെയ്ക്കേണ്ടതും പ്രസ്തുത ഗ്യാരന്റി തുക തൃപ്തികരമായ പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം മാത്രം തിരികെ നൽകുന്നതുമാണ്. പെർഫോമൻസ് ഗ്യാരന്റി തുക നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ട്രഷറി എന്നിവിടങ്ങളിൽ നിന്നുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളായോ **GCDA**-ൽ പണമായി ഒടുക്കിയോ നൽകാവുന്നതാണ്. ഇത് കൂടാതെ കരാർ തുകയുടെ 5% തുക പെർഫോമൻസ് ഗ്യാരന്റി ആയി നൽകേണ്ടതുമാണ്. ടി തുകയുടെ 50% നിർബന്ധമായും സെക്രട്ടറിയുടെ പേരിൽ അധികാരപ്പെടുത്തിയ ട്രെഷറി സ്ഥിര നിക്ഷേപം ആയിരിക്കേണ്ടതാണ്

11. നിരക്കുകൾ പ്രകാരമുള്ള തുക **PAC** പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനം മാത്രമേ എക്സ്ട്രാ ഐറ്റത്തിന്റെ നിരക്കിലും അനുവദിക്കുകയുള്ളൂ.

12. ദർഘാസ് സംബന്ധമായി പുതുക്കിയ പൊതുമരാമത്ത് മാനുവൽ പ്രകാരവും ഇ-ടെൻഡർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവുമുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

13. സ.ഉ.(അച്ചടി)നം.54/2019/ഫിൻ, തീയതി 04/05/2019 പ്രകാരമുള്ള വ്യവസ്ഥകൾ ഇ-ടെൻഡറിന് ബാധകമായിരിക്കും.

14. വർക്കിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ 60 cm വീതിയും 75 cm ഉയരവുമുള്ള ബോർഡിൽ വർക്ക് സൈറ്റിന്റെ ഇരുഭാഗങ്ങളിലും പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. പ്രവൃത്തി സംബന്ധിച്ച ഗ്യാരന്റി പീരിയഡിനുള്ളിൽ വരുന്ന എല്ലാ കേടുപാടുകളും കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്തത്തിലും നഷ്ടത്തിലും പരിഹരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(ഒപ്പ്)
സൂപ്രണ്ടിങ്ങ് എഞ്ചിനീയർ
ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (GCDA)

പകർപ്പ്:

1. SE/EE/TA/AEE/AE
3. അതോറിറ്റി നോട്ടീസ് ബോർഡുകൾ, വെബ് സൈറ്റ്
4. http//etenders.kerala.gov.in